(ബി) ഇതിൽ എല്ലാം ഔദ്യോഗികാവശ്യങ്ങൾക്കായുള്ളതാണ്.

(സി) വിമാനയാത്രാകൂലിയിനത്തിൽ 12,427 രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

മന്ത്രിമാരുടെ യാത്രാചെലവ്

2. [2] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം 86 മാർച്ച് 10-ാം തീയതിവരെ സംസ്ഥാനമന്ത്രിമാർ (മുഖ്യമന്ത്രി ഉൾപ്പെടെ) വിമാനയാത്ര ചെയ്ത ഇനത്തിൽ എത്ര രൂപ ചെലവായി എന്നു വ്യക്തമാക്കാമോ ;

(ബി) അതിൽ മുഖ്യമന്ത്രിയുടെ യാത്രക്കുവേണ്ടി ചെലവായത് എത്ര ;

(സി) മറ്റുമന്ത്രിമാരുടെ ഓരോരുത്തരുടെയും വിമാനയാത്രാചെലവ് എത്രവീതമെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) മുഖ്യമന്ത്രിയുടെ യാത്രക്കുവേണ്ടി, വിമാനയാത്രക്കൂലി ഉൾപ്പെടെ 21,904 രൂപ ചെലവായിട്ടുണ്ട്. മറ്റു മന്ത്രിമാരെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രി മറ്റു സംസ്ഥാനങ്ങളിൽ യാത്രചെയ്തയിനത്തിൽ ചെലവായ തുക.

3. [3]. ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-9-1985 മുതൽ 28-2-1986 വരെ മുഖ്യമന്ത്രി കേരളത്തിൽനിന്നു മറ്റു സംസ്ഥാനങ്ങളിലേക്ക് യാത്രചെയ്തയിനത്തിൽ ഖജനാവിൽനിന്ന് ആകെ ചെലവുവന്ന വിമാനക്കൂലി, ടി. എ., ഡി. എ. എന്നീ ഇനത്തിൽ വന്ന ആകെ ചെലവെത്ര ;

(ബി) ഈ യാത്രകളിൽ ഡൽഹി യാത്രയെത്ര ?

ഉത്തരം

(എ) 1-9-1985 മുതൽ 28-2-1986 വരെ മുഖ്യമന്ത്രി കേരളത്തിൽനിന്ന് മറ്റു സംസ്ഥാനങ്ങളിലേക്ക് യാത്രചെയ്തയിനത്തിൽ ഖജനാവിൽനിന്ന് വിമാനക്കൂലി ഇനത്തിൽ 20,090 രൂപയും ടി. എ., ഡി. എ. യായി 6, 565 രൂപയും ആകെ ചെലവായിട്ടുണ്ട്.

(ബി) 12.

LIBRARY ARCHIVES Kerala Legislative Assembly